**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 487** **08-06-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ വായ്പകളിൽ മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ രംഗത്തെ അധികഫണ്ട് ഉപയോഗിച്ച് പ്രളയാനന്തര പുനർനിർമ്മാണം, ഉപജീവന മാർഗ്ഗങ്ങൾ പുന:സൃഷ്ടിക്കൽ എന്നിവ നടപ്പാക്കിയതു പോലെ കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ടവർക്കും സംരംഭകർക്കും ലളിത വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ടവർക്കും സംരംഭകർക്കും ലളിത വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കോവിഡാനന്തരം സംരംഭങ്ങളിൽ നഷ്ടം സംഭവിച്ചവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും സഹകരണ വായ്പകളിൽ മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | 2020 വർഷത്തിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ബാങ്കുകളിൽ നിന്നും വ്യക്തിഗതമായും അല്ലാതെയും എടുത്ത വായ്പകളുടെ തിരിച്ചടവുകൾ നടക്കാതെ വരുകയും ചെയ്ത സാഹചര്യത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറിയം അനുവദിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തത്സ്ഥിതി രൂക്ഷമായി തന്നെ തുടർന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ടി മൊറട്ടോറിയത്തിന്റെ കാലാവധി 01.06.2020 മുതൽ 31.08.2020 വരെ വീണ്ടും ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ കോവിഡ്-19 വ്യാപനം വീണ്ടും അതിരൂക്ഷമാകുകയും എല്ലാ മേഖലകളെയും അത് പൂർണ്ണമായി ബാധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൊറട്ടോറിയം |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം ഒന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ